"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമത്തിനെതിരെ ശ്രീ.മുഹമ്മദ് സഗീർ സമർപ്പിച്ച റിവിഷൻ ഹർജി, ടി റിവിഷൻ ഹർജിക്കെതിരെ തണ്ണീർത്തടം നികത്തൽ വിരുദ്ധ പ്രതിഷേധ സമിതിക്ക് വേണ്ടി കൺവീനർ ശ്രീ.ഇല്ല്യാസ് ഇ.എം സമർപ്പിച്ച പരാതി എന്നിവ തീർപ്പാക്കിയും ശ്രീ.മുഹമ്മദ് സഗീർ ഫയൽ ചെയ്ത WP(C)No.37877/2024-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.555/2025/AGRI തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:- (1) തൃശ്ശൂർ ജില്ലാ കളക്ടറുടെ 28.09.2024-ലെ DCTSR/887/2023-B11(1) നമ്പർ നടപടിക്രമം.

(2) ശ്രീ.മുഹമ്മദ് സഗീർ സമർപ്പിച്ച 19.10.2024-ലെ റിവിഷൻ ഹർജി.

(3) ശ്രീ.മുഹമ്മദ് സഗീർ ഫയൽ ചെയ്ത WP(C)No.37877/2024-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 05.11.2024-ലെ വിധിന്യായം.

(4) തണ്ണീർത്തടം നികത്തൽ വിരുദ്ധ പ്രതിഷേധ സമിതിക്ക് വേണ്ടി കൺവീനർ ഇല്ല്യാസ് ഇ.എം സമർപ്പിച്ച 21.01.2025-ലെ പരാതി.

(5) തൃശ്ശൂർ ജില്ലാ കളക്ടറുടെ 06.11.2024 ലെ DCTSR/887/2023/B11 നമ്പർ റിപ്പോർട്ട്.

(6) തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 03.03.2025-ലെ ADFW/PAO/TSR/657/2025-TA2 നമ്പർ റിപ്പോർട്ട്.

(7) മതിലകം കൃഷി ഓഫീസറുടെ 06.03.2025, 11.04.2025 തീയതികളിലെ MKM/17/01/2025-26 നമ്പർ റിപ്പോർട്ടുകൾ.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്ക് കുളിമുട്ടം വില്ലേജ് സർവ്വെ നമ്പർ 148/1ൽ 0.1375 ഹെക്ടർ, 0.0405 ഹെക്ടർ വഹകളിലെ അനധികൃത പ്രവർത്തനങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം ജില്ലാ കളക്ടർ പുറപ്പെടുവിച്ച പരാമർശം (1) നടപടിക്രമത്തിനെതിരെ ശ്രീ.മുഹമ്മദ് സഗീർ പരാമർശം (2) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. ടിയാൻ ഫയൽ ചെയ്ത WP(C)No.37877/2024-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായത്തിൽ പ്രസ്തുത റിവിഷൻ ഹർജി പരിശോധിച്ച് തീർപ്പാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

പ്രസ്തുത റിവിഷൻ ഹർജിക്കെതിരെ പരാമർശം (4) പ്രകാരം തണ്ണീർത്തടം നികത്തൽ വിരുദ്ധ പ്രതിഷേധ സമിതിക്ക് വേണ്ടി കൺവീനർ ശ്രീ.ഇല്ല്യാസ് ഇ.എം. പരാതി സമർപ്പിക്കുകയും ചെയ്തിരുന്നു.

2. പ്രസ്തുത റിവിഷൻ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി 04.03.2025-ന് ഓൺലൈൻ മുഖാന്തിരം ഹിയറിംഗ് നടത്തി. പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്തവർ ചുവടെ ചേർക്കും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.

(i) റിവിഷൻ ഹർജിക്കാരൻ ശ്രീ.മുഹമ്മദ് സഗീർ:

എന്റെ മാതാവിന്റെ ഭൂമിയോട് ചേർന്നു കിടക്കുന്ന ഈ ഭൂമി ഞാൻ വാങ്ങിയത് 2022-ൽ ആണ്. 2008-ന് മുമ്പ തന്നെ നികത്തിയ ഭൂമിയാണ്. പ്രായമായ വൃക്ഷങ്ങൾ ഉണ്ട്. ടി ഭൂമി വാങ്ങിയ ശേഷം 10 സെന്റ് വിറ്റു. ഭൂമിയുടെ മധ്യഭാഗത്ത് മനുഷ്യ നിർമ്മിതമായ കുളം ഉണ്ട്. അതിൽ മീൻ വളർത്തൽ ഉണ്ടായിരുന്നു. അത് ആദായകരമല്ലാത്തതിനാൽ മറ്റെതെങ്കിലും ചെയ്യുന്നതിന് നികത്താൻ ശ്രമിച്ചു. വ്യക്തി വൈരാഗ്യവും രാഷ്ട്രീയ വൈരാഗ്യവും കാരണമാണ് പരാതിക്കാർ എനിക്കെതിരെ പരാതി നൽകിയത്. കളക്ടറുടെ സ്റ്റോപ്പ് മെമ്മോ നൽകിയതിനുശേഷം നികത്തിയ നടപടികൾ ഉണ്ടായില്ല. KSREC റിപ്പോർട്ടോ, LLMC റിപ്പോർട്ടോ പരിശോധിക്കാതെയാണ് ജില്ലാ കളക്ടർ സെക്ഷൻ 13 ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്റെ ഭാഗം കേൾക്കുകയുണ്ടായില്ല. മഹല്ല് കമ്മിറ്റിയ്ക്ക് വഴി കൊടുക്കുന്നതിനു വേണ്ടി കൂടിയാണ് കുളം നികത്താൻ ശ്രമിച്ചത്.

(ii) പരാതിക്കാരനായ ശ്രീ.ഇല്ല്യാസ്:

ടിയാൻ ടി കുളം നികത്തിയതുമൂലം കുളിക്കാനോ, കുടിക്കാനോ പോലും വെള്ളം കിട്ടാത്ത സാഹചര്യമാണ് ഉള്ളത്. ടിയാൻ പാടശേഖരം നികത്തുന്നത് മൂലം ഞങ്ങൾക്ക് ദുരിതം ആണ്.

(iii) ജില്ലാ കളക്ടർക്കു വേണ്ടി ജൂനിയർ സൂപ്രണ്ട്:

ടി നിയമ ലംഘനം നടത്തുന്നതിന് വണ്ടി ഉപയോഗിച്ചിട്ടില്ല എന്ന് കണ്ടതിനാലാണ് വാഹനം വിട്ടുകൊടുത്തത് എന്നാൽ നിലം പരിവർത്തനപ്പെടുത്താൻ കുറച്ചുകാലമായി ശ്രമിച്ചതായി തെളിവുണ്ട്. അതിനാൽ സെക്ഷൻ 13 ഉത്തരവുണ്ടായി.

(iv) കൃഷി ഓഫീസർ:

ടി സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും കുളം നികത്താൻ ശ്രമിച്ചിട്ടുണ്ട് എന്നും പ്രാദേശികതല നിരീക്ഷണ സമിതിയുടെ നടപടിക്കുറിപ്പ്, ഫോം-5 എന്നിവയിൽ നിരസിക്കുന്നതിനായി റിപ്പോർട്ട് പോയിട്ടുള്ളതായും കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. സമീപപ്രദേശങ്ങളിൽ നെൽകൃഷി നടക്കുന്നില്ല എന്നും കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്.

3. ശ്രീ.മുഹമ്മദ് സഗീർ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജിക്കെതിരെ തണ്ണീർത്തടം നികത്തൽ വിരുദ്ധ പ്രതിഷേധ സമിതിക്ക് വേണ്ടി കൺവീനർ എള്ളുംപറമ്പിൽ മുഹമ്മദ് മകൻ ഇല്ല്യാസ് ഇ.എം. സമർപ്പിച്ച പരാമർശം (4) നിവേദനം ചുവടെ ചേർക്കുന്നു.

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് കുളമുട്ടം വില്ലേജിൽ 3-ാം വാർഡിൽ ഗ്യാസ്

ഗോഡൗണിന് സമീപം സ്ഥിതി ചെയ്യുന്ന പുന്നിലത്ത് അബ്ദുൾഹക്ക് ഭാര്യ സൈനബ മകൻ മുഹമ്മദ് സഗീറിന്റെ ഉടമസ്ഥതിയിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സർവ്വേ നം.148/1 എന്ന ഭൂമി ഭൂ ഉടമസ്ഥനായ പുന്നിലത്ത് മുഹമ്മദ് സഗീർ എന്നയാൾ നിയമവിരുദ്ധമായി നികത്തിയതിനെ തുടർന്ന് ഞങ്ങൾ വിവിധ സർക്കാർ വകുപ്പ് തലങ്ങളിൽ പരാതി ബോധിപ്പിക്കുകയുണ്ടായി. തുടർന്ന് 28/09/2024-ലെ ഉത്തരവ് പ്രകാരം ബഹു.തൃശ്ശൂർ ജില്ലാ കളക്ടർ നികത്തുന്നതിന് എതിരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. ഉദ്യോഗസ്ഥതലത്തിൽ നടത്തിയ സൂക്ഷ്മ പരിശോധനകൾക്ക് ശേഷം ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ ആണ് ഉത്തരവിലൂടെ ബഹു.തൃശ്ശൂർ ജില്ലാ കളക്ടർ നിർദ്ദേശിച്ചത്. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.മുഹമ്മദ് സഗീർ ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി (WP(C)No.37877 of 2024) സമർപ്പിച്ചു. പ്രസ്തുത ഹർജിയിന്മേൽ 2024 Dec 28-ന് IA.No.1/2024 in WP(C)No.37877 of 2024 പ്രകാരം ബഹു. കേരള ഹൈക്കോടതി റിട്ടിന്മേൽ സ്റ്റേ അനുവദിച്ച് റിവിഷൻ നടത്താൻ നിർദ്ദേശിക്കുകയുണ്ടായി.

എതിർകക്ഷിയായ ശ്രീ.മുഹമ്മദ് സഗീർ നാട്ടിലെ സമ്പന്നനും ധാരാളം ഭൂസ്വത്ത് സ്വന്തമാക്കിയിട്ടുള്ള ആളുമാകുന്നു. കുറഞ്ഞ ചെലവിൽ നെൽവയലുകളും, ബി.ടി.ആർ-ൽ നഞ്ച എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി വാങ്ങി വേസ്റ്റിട്ട് നികത്തി തുണ്ടു ഭൂമിയാക്കി (10 സെന്റിൽ താഴെ) മറിച്ച് വിറ്റ് വലിയ ലാഭമുണ്ടാക്കുന്ന ഏർപ്പാടാണ് അദ്ദേഹത്തിനുള്ളത്. ഇപ്പോൾ നികത്തിയെടുക്കാൻ ശ്രമിച്ച ഭൂമിയിൽ ആകെ 44 സെന്റിൽ വിസ്തൃതമായ ഒരു കുളം നിലവിൽ ഉണ്ടായിരുന്നു. ഈ കുളം ആ പ്രദേശത്തെ ഒരു പ്രധാന ജലസ്രോതസ്സായിരുന്നു. ഇത് ഒറ്റ ദിവസം കൊണ്ട് അനധികൃതമായി നികത്താൻ ശ്രമിച്ചതിന്റെ ഭാഗമായാണ് തണ്ണീർത്തടം നികത്തൽ വിരുദ്ധ പ്രതിഷേധ സമിതി രൂപം കൊണ്ടത്. വില്ലേജ് ഓഫീസറുടെ സ്റ്റോപ്പ് മെമ്മോ നിലനിൽക്കെത്തന്നെ 2023-ൽ പ്രസ്തുത ഭൂമിയിൽ തൈപ്പറമ്പിൽ ഹമീദ് മകൻ ഷാജി എന്നവർക്ക് 10 സെന്റിൽ താഴെ വിൽക്കുകയുണ്ടായി. വാങ്ങിയ ആളിൽ നിന്നും എല്ലാം കാര്യവും മറച്ച് വച്ചാണ് ഭൂമി കൈമാറിയത്. തന്റെ സ്വാധീനം ഉപയോഗിച്ച് നിയമവിരുദ്ധമായി എന്തും ചെയ്യുമെന്നുള്ള ധാർഷ്ട്യം ആണ് ശ്രീ.മുഹമ്മദ് സഗീർ പ്രസ്തുത ഇടപാടിലൂടെ ചെയ്തത്.

ഭൂമിയും കുളവും വളരെ മോശം മാലിന്യ വസ്തുക്കൾ ഇട്ട് നികത്തിയതുമൂലം സമീപ പ്രദേശത്ത് ഞങ്ങൾ ഉപയോഗിച്ച് വന്നിരുന്ന ജലസ്രോതസ്സുകൾ മുഴുവൻ മലിനമാവുകയും തൊട്ട് കിടക്കുന്ന പ്രദേശത്തെ ശുദ്ധജല സ്രോതസ്സുകളിലെ ജലം ചുവന്ന കളറാവുകയും ചെയ്തു. കുളം നികത്തിയതുമൂലം ചുറ്റുപാടുമുള്ള പാവപ്പെട്ട മനുഷ്യരുടെ കുടിവെള്ളം മുട്ടിയ സാഹചര്യം ആർ.ഡി.ഒ, കളക്ടർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു. പ്രസ്തുത സാഹചര്യത്തിലാണ് കുളത്തിൽനിന്നും അതിന് ചുറ്റുമുള്ള ഭാഗത്ത് നിന്നും നികത്തിയ വസ്തുക്കൾ എടുത്ത് മാറ്റി കുളവും ചുറ്റുപാടും പഴയസ്ഥിതിയിലേയ്ക്ക് പുന:സ്ഥാപിക്കാൻ കളക്ടർ ഉത്തരവിട്ടത്. ഇത് പോലും അംഗീകരിക്കാൻ തയ്യാറല്ലാത്ത ശ്രീ.മുഹമ്മദ് സഗീർ കോടതിയെ തെറ്റിധരിപ്പിച്ച് സ്റ്റേ വാങ്ങിയെടുത്തിരിക്കുകയാണ്. ആയതിനാൽ പുന:പരിശോധിക്കുമ്പോൾ കുളവും ചുറ്റുപാടുമുള്ള ഭാഗങ്ങളും പഴയപടി പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു.

4. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ പരാമർശം (5) പ്രകാരം ജില്ലാ കളക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്:

പുന്നില്ലത്ത് അബദുൾഹക്ക് ഭാര്യ സൈനബ മകൻ സഗീറിന്റെ കൈവശത്തിലുള്ള കൊടുങ്ങല്ലൂർ താലൂക്ക് കുളിമുട്ടം വില്ലേജ് സർവ്വെ നമ്പർ 148/1ൽ 0.1375 ഹെക്ടർ 0.0405 ഹെക്ടർ

വഹകളിലെ അനധികൃത പ്രവർത്തനങ്ങൾ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ശുപാർശ സഹിതം ഇരിങ്ങാലക്കുട റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ സ്വികരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട കക്ഷികൾക്കും ഉദ്യോഗസ്ഥർക്കും മുൻകൂർ നോട്ടീസ് നൽകി 12.08.2024 തിയതിയിൽ വിചാരണ നടത്തി. വില്ലേജ് ഓഫിസർ കുളിമുട്ടം, കൃഷി ഓഫിസർ മതിലകം, ഭൂവുടമയായ ശ്രീ.മുഹമ്മദ് സഗീർ എന്നിവർ പ്രസ്തുത വിചാരണയിൽ ഹാജരായി.

മുഹമ്മദ് സഗീർ, മാതാവ് സൈനബ എന്നവർക്ക് മതിലകം എസ്ആർ.ഒ ലെ 2488/1/2022, 2469/1/2022 എന്നി ആധാരങ്ങൾ പ്രകാരം സിദ്ധിച്ച സർവ്വെ നമ്പർ 148/1 ലെ യഥാക്രമം 0.1375 ഹെക്ടർ, 0.0405 ഹെക്ടർ ഭൂമികളിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമലംഘനം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 02.11.2022 ൽ നിരോധന ഉത്തരവ് നൽകിയിരുന്നുവെന്നും സൈനബയുടെ പേരിലുള്ള 0.0405 ഹെക്ടർ ഭൂമികൈമാറ്റം ചെയ്ത് പോയിട്ടുണ്ടെന്നും മുഹമ്മദ് സഗീറിന്റെ പേരിലുള്ള 0.1375 ഹെക്ടർ ഭൂമിയിൽ നിന്നും 0.0373 ഹെക്ടർ ഭൂമിയും കൈമാറ്റം ചെയ്ത് പോയിട്ടുണ്ടെന്നും 15.04.2024 ൽ ടി ഭൂമി പോക്കുവരവു ചെയ്തിട്ടുള്ളതും നിലവിൽ മുഹമ്മദ് സഗീറിന്റെ പേരിൽ 0.1002 ഹെക്ടർ ഭൂമിയാണ് ഉള്ളതെന്നും ടി ഭൂമി നിലവിൽ നടുവിൽ കുളവും വടക്കുവശം വഴിയും ചുറ്റുമായി 16 തെങ്ങും 1 അയിനിയും വിറ്റുപോയ സ്ഥലത്ത് ചമയങ്ങളായി കാണുന്നുവെന്നും കുളം നികത്തുവെന്ന പരാതിയുമായി ബന്ധപ്പെട്ട് ശ്രീ.മുഹമ്മദ് സഗീറും പരിസരവാസികളും 2022 മുതൽ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നതാണെന്നും വില്ലേജ് ജനകീയസമിതി കമ്മിറ്റി പ്രശ്നത്തിൽ ഇടപ്പെട്ട് 25.10.2022 ൽ സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുള്ളതാണെന്നും വഴി ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് മുഹമ്മദ് സഗീറും പരിസരവാസികളും നിരന്തരം തർക്കം നിലനിന്നിരുന്നുവെന്നും 25.04.2024 തീയ്യതി ലോകസഭ ഇലക്ഷന്റെ തലേദിവസം മുഹമ്മദ് സഗീറിന്റെ പണിക്കാർ വഴി ക്രമികരിക്കുന്നതിനായി KL-47-B-3541 മിനി ലോറി, SANY.SY35U MAX PRO ഹിറ്റാച്ചി എന്നിവ പ്രസ്തുത കുളത്തിനടുത്തേക്ക് കൊണ്ടുവരുകയും പ്രദേശവാസികളുമായി തർക്കം ഉടലെടുക്കുകയും സമീപവാസികളിലൊരാൾ പ്രസ്തുത വിവരം ഫോൺസന്ദേശം മുഖേന അറിയിക്കുകയും ഇലക്ഷൻ ഡ്യൂട്ടിയിലായതിനാൽ പ്രസ്തുത വിവരം മതിലകം പോലീസിനെ അറിയിച്ചുവെന്നും വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തിട്ടുള്ളതാണെന്നും വില്ലേജ് ഓഫിസർ കുളിമുട്ടം വിചാരണയിൽ ഹാജരായി 08.08.2024 ലെ 100/2024 നമ്പർ പ്രൊഫോർമ റിപ്പോർട്ടും മഹസ്സറും സമർപ്പച്ചിട്ടുണ്ട്.

കൊടുങ്ങല്ലൂർ താലൂക്ക് കുളിമുട്ടം വില്ലേജ് സർവെ നമ്പർ 148/ 1ലെ ഭൂമി 13.08.2020- ൽ പ്രസിദ്ധികരിച്ച ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത ഭൂമി നിലവിൽ നെൽകൃഷി ചെയ്യാത്ത പാടശേഖരത്തിന്റെ ഭാഗമാണെന്നും 20 വർഷം മുമ്പാണ് അവസാനമായി കൃഷി ചെയ്തിട്ടുള്ളതെന്നും പ്രസ്തുത സ്ഥലത്തെ അനധികൃത നികത്തുമൂലം സമീപപ്രദേശങ്ങളിലെ കൃഷി, ജലമാർഗ്ഗങ്ങൾ തുടങ്ങിയവക്ക് ദോഷം ഉണ്ടാകുന്നുണ്ടെന്നും പ്രസ്തുത ഭൂമിയിലെ നിയമലംഘനത്തിനു ശേഷം ഭൂപരിവർത്തനത്തിനും ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനും LLMC മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അനുമതിക്ക് ശുപാർശ നൽകിയിട്ടില്ലെന്നും നിലവിൽ പ്രസ്തുത ഭൂമിയിൽ അനധികൃതമായി മണ്ണും കരങ്കല്ലും നിക്ഷേപിച്ചിരിക്കുന്നുവെന്നും കൃഷി ഓഫിസർ മതിലകം വിചാരണയിൽ ഹാജരായി MKM 17/2024-25 നമ്പർ പ്രൊഫോർമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

13.75 ആർസ് ഭൂമിയിൽ നിന്നും 9.200 സെന്റ് ഭൂമി വിറ്റിട്ടുണ്ടെന്നും വീണ്ടും 3 സെന്റ് ഭൂമി മോസ്കിനു വേണ്ടി കൈമാറിയിട്ടുണ്ടെന്നും ആയത് മോസ്കിലേക്കും ബാക്കിയുള്ള തന്റെ ഭൂമിയിലേക്കുള്ള വഴിയായി ഉപയോഗിക്കുന്നതിനുമാണെന്നും പ്രസ്തുത ഭൂമി താനും മുൻഗാമികളും തന്റെ മാതാവ് സൈനബയുടെ കൈവശത്തിലുള്ള 13.75 ഭൂമിയിലേക്കുള്ള വഴിയായി ഉപയോഗിച്ച് വരുന്നുവെന്നും പ്രസ്തുത വഴി ബാക്കിയുള്ള ഭൂമിയിൽ നിന്നും വേർതിരിക്കുന്നതിനായി ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ കൊണ്ട് ഫൗണ്ടേഷൻ കെട്ടിയിട്ടുണ്ടെന്നും ഭൂരിഭാഗം ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണുകൾ മറ്റാരൊ മാറ്റിയതിനാൽ വിണ്ടും ഫൌണ്ടേഷൻ കെട്ടുവാൻ തീരുമാനിച്ചുവെന്നും പ്രസ്തുത ഫൌണ്ടേഷൻ കെട്ടുന്നത് പൂർത്തിയായതിനു ശേഷം ഭൂമിയിലുണ്ടായിരുന്ന ബാക്കിയുള്ള ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണുകൾ മാറ്റുമ്പോൾ പരിസരവാസികൾ തടഞ്ഞുവെന്നും 3 സെന്റ് ഭൂമി വഴിയായി ഉയോഗിക്കുന്നതിന് അനുവദിക്കുകയില്ലെന്ന് ഭീഷണിപ്പെടുത്തിയെന്നും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചിട്ടില്ലെന്നും സർവ്വെ നമ്പർ 148/1 ലെ ഒരുഭാഗം മാത്രമാണ് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും നിയമലംഘനം നടത്തുന്നതിന് വാഹനം ഉപയോഗിച്ചിട്ടില്ലെന്നും ഭൂവുടമയായ ശ്രീ.മുഹമ്മദ് സഗീർ എന്നവർ 19.08.2024 തീയ്യതി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്.

വിചാരണയിലെ വാദങ്ങളും ബന്ധപ്പെട്ട രേഖകളും ഫോട്ടോകളും വിശദമായി പരിശോധിച്ചിട്ടുള്ളതാണ്. 30.08.2024 തീയതി സ്ഥലപരിശോധന നടത്തിയിട്ടുള്ളതാകുന്നു. സ്ഥലപരിശോധനയിൽ വില്ലേജ് ഓഫീസർ ക്ലളിമുട്ടം, മതിലകം കൃഷി ഓഫിസർക്കു വേണ്ടി അസിസ്റ്റന്റ് കൃഷി ഓഫീസർ എന്നിവർ ഹാജരായി. പുന്നില്ലത്ത് അബ്ദുൾഹക്ക് ഭാര്യ സൈനബ മകൻ സഗീറിന്റെ കൈവശത്തിലുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലത്തിനു ചുറ്റും കരിങ്കൽകൊണ്ട് അടിത്തറ നിർമ്മിച്ചതായും പ്രസ്തുത സ്ഥലത്ത് മുൻകാലങ്ങളിൽ ഭാഗികമായി നികത്തൽ നടത്തിയിട്ടുള്ളതായും പ്രസ്തുത ഭൂമിയിൽ ഒരു കുളമുള്ളതായും സ്ഥലപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തെ അനധികൃതനികത്തൽ മൂലം പ്രദേശത്ത് വെള്ളം കെട്ടിനിൽക്കുവാൻ ഇടയാക്കുമെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

പുന്നില്ലത്ത് അബ്ദുൾഹക്ക് ഭാര്യ സൈനബ മകൻ സഗീറിന്റെ കൈവശത്തിലുള്ള ബിടിആർ പ്രകാരം നഞ്ചയായിട്ടുള്ളതും, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായ കൊടുങ്ങല്ലൂർ താലൂക്ക് ക്ലളിമുട്ടം വില്ലേജ് സർവ്വെ നമ്പർ 148/1 ലെ 0.1002 ഹെക്ടർ ഭൂമിയിൽ മുൻകാലങ്ങളിൽ ഭാഗികമായി നടത്തിയിട്ടുള്ള നികത്തലും അനധികൃതമായി കരിങ്കൽകൊണ്ട് അടിത്തറ നിർമ്മിച്ചിട്ടുള്ളതും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ലംഘനമാണെന്ന് ബോധ്യപ്പെട്ടതിനാലാണ് അനധികൃതമായി കരിങ്കൽകൊണ്ട് കെട്ടിയിട്ടുള്ള അടിത്തറ പൊളിച്ചുമാറ്റി മുൻകാലങ്ങളിൽ അനധികൃത നികത്തൽ നടത്തിയ ഭാഗങ്ങൾ 4 ആഴ്ചക്കകം സ്വന്തം ചിലവിൽ പൂർവ്വസ്ഥിതിയിലാക്കുന്നതിനു 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 13-ാം വകുപ്പ് പ്രകാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് ഭൂവുടമയായ പുന്നില്ലത്ത് അബ്ദുൾഹക്ക് ഭാര്യ സൈനബ മകൻ മുഹമ്മദ് സഗീർ എന്നവർക്ക് 28.09.2024 തീയ്യതി DCTSR-887/2023/B11(1) നമ്പർ പ്രകാരം നിർദ്ദേശം നൽകി കൊണ്ട് ഉത്തരവായിട്ടുള്ളത് എന്നതിനാൽ മേൽ ഉത്തരവ് ശരി വെച്ചുകൊണ്ട് റിവിഷൻ ഹർജി തള്ളി തീർപ്പാക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ.മുഹമ്മദ് സഗീർ എന്നവർ ബഹു.ഹൈക്കോടതി മുമ്പാകെ WP(C)17680/2024 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ വില്ലേജ് ഓഫിസർ ക്ലളിമുട്ടം, ജില്ലാ കളക്ടർ, റവന്യൂ ഡിവിഷണൽ

ഓഫീസർ ഇരിങ്ങാലക്കട എന്നിവർ യഥാക്രമം 1, 2, 3 എതിർകക്ഷികളാണ്. വില്ലേജ് ഓഫിസർ കുളിമുട്ടം എന്നവർ 02.11.2022 തീയതി ശ്രീ.സഗീർ, ശ്രീമതി.സൈനബ എന്നിവർക്കു നൽകിയ നിരോധന അറിയിപ്പിന്മേലുള്ള (Ext P3) തുടർനടപടികൾ നിർത്തിവക്കണമെന്നാണ് പ്രസ്തുത കേസിൽ interim relief ആയി സൂചിപ്പിച്ചിട്ടുള്ളത്. ശ്രീ.മുഹമ്മദ് സഗീർ എന്നവർ ബഹു.ഹൈക്കോടതി മുമ്പാകെ WP(C) 37877/2024 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ പ്രിൻസിപ്പൽ സെക്രട്ടറി കൃഷി (എൻസിഎ) വകുപ്പ്, ജില്ലാ കളക്ടർ, വില്ലേജ് ഓഫിസർ കുളിമുട്ടം എന്നിവർ യഥാക്രമം 1, 2, 3 എതിർകക്ഷികളാണ്. ജില്ലാ കളക്ടറുടെ 28.09.2024 തീയതിയിലെ ഉത്തരവു (Ext P4) പ്രകാരമുള്ള തുടർനടപടികൾ നിർത്തിവക്കണമെന്നാണ് പ്രസ്തുത കേസിൽ interim relief ആയി സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത കേസുകൾ ബഹു. ഹൈക്കോടതി മുമ്പാകെ പരിഗണനയിൽ ഇരിക്കുന്നതാകുന്നു.

5. പരാമർശം (7) പ്രകാരം മതിലകം കൃഷി ഓഫീസർ ചുവടെ ചേർക്കും പ്രകാരം ഫീൽഡ് പരിശോധനാ റിപ്പോർട്ട് ചെയ്തിട്ടുണ്ട്:

മതിലകം ഗ്രാമപഞ്ചായത്തിൽ കുളിമുട്ടം വില്ലേജിൽ സർവ്വേ നമ്പർ 148/1ൽ 0.1375 ഹെ, 0.0405 ഹെ ഭൂമി ഡാറ്റാ ബാങ്കിൽ നെൽവയൽ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ടി ഭൂമിയിൽ നടുവിൽ കുളവും വടക്കുവശം വഴിയും 16 തെങ്ങും ചമയങ്ങൾ ആയി കാണുന്നു. പ്രസ്തുത വഴി ഒഴികെയുള്ള ഭാഗം ഗ്രാനൈറ്റ് സ്റ്റോണുകൾ ഉപയോഗിച്ച് ഫൗണ്ടേഷൻ കെട്ടി വേർതിരിച്ചിട്ടുള്ളതും ആകുന്നു. ടി ഭൂമി വലിയ പുല്ലുകൾ നിറഞ്ഞു വ്യക്തമായി കുളത്തിൻറെ വിസ്തൃതി മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള അവസ്ഥയിൽ ആണ് ഇപ്പോൾ കാണുന്നത്. ടി കുളം നികത്തുന്നതിനായി മണ്ണും കല്ലും ഇറക്കിയതിന്റെ അവശിഷ്ടങ്ങൾ കാണാവുന്നതാണ്. ടി ഭൂമിയുടെ KSREC റിപ്പോർട്ടിൽ 1967-ൽ നെൽകൃഷി ആയിരുന്നുവെന്നും 2008-ൽ ടി ഭൂമിയിൽ mixed vegetation ആണെന്നും ഒരു water body/കുളം ഉണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഭൂമിയിലെ കുളം നികത്തപ്പെട്ടാൽ സമീപ പ്രദേശം വെള്ളക്കെട്ട് ബുദ്ധിമുട്ടിലേക്കു നീങ്ങുമെന്നും അറിയിക്കുന്നു. ടി ഭൂമിയിൽ നിലവിൽ നെൽകൃഷി സാധ്യമല്ല.

6. മേൽ റിപ്പോർട്ടുകളുടെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടേയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ടി ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും ആർ.ഡി.ഒ ഫോം 5 അപേക്ഷ നിരസിച്ചിട്ടുള്ളതുമാണ്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 2(xii) പ്രകാരം 'നെൽവയൽ ' എന്നാൽ സംസ്ഥാനത്ത് സ്ഥിതി ചെയ്യുന്നതും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നെൽകൃഷി ചെയ്യുന്നതോ അല്ലെങ്കിൽ നെൽകൃഷിയ്ക്കനുയോജ്യമായതും എന്നാൽ തരിശിട്ടിരിക്കുന്നതോ ആയ എല്ലാത്തരം നിലവും എന്നർത്ഥമാകുന്നതും അതിൽ അതിന്റെ അനുബന്ധ നിർമ്മിതികളായ ചിറകളും ജലനിർഗ്ഗമന ചാലുകളും കുളങ്ങളും, കൈത്തോടുകളും ഉൾപ്പെടുന്നതുമാകുന്നു. മതിലകം ഗ്രാമപഞ്ചായത്തിൽ കുളിമുട്ടം വില്ലേജിൽ സർവ്വേ നമ്പർ 148/1 ലെ ഭൂമി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 2 (xii) പ്രകാരം 'നെൽവയൽ' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല എന്ന് കാണുന്നു. ടി ഭൂമിയിൽ നിലവിൽ നെൽകൃഷി സാധ്യമല്ല എന്ന് കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി സംബന്ധിച്ച KSREC റിപ്പോർട്ടിൽ "As per the toposheet of 1967, the survey plot 148/1-1 was observed as paddy land. The plot was observed under scattered mixed vegetation/plantation with a water body/pond towards

centre in 2008 data" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ള KSREC വാലിഡേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ സർവ്വേ നം.148 ൽ ഉൾപ്പെട്ട ഭൂമി (259.92 ആർസ്) mixed settlement & crop, converted, to be excluded from the data bank എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും, Lalu Vs State of Kerala 2020 (5) KLT 712 എന്ന ബഹു. ഹൈക്കോടതി ഉത്തരവിൽ "data bank to be prepared under the Act is the data bank of the cultivable paddy land" എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാലും, 2016 (1) KHC 477(DB) Aji Kumar Vs. Vinod Kumar, എന്ന ബഹു.ഹൈക്കോടതി ഉത്തരവിൽ "man made ponds in paddyland, if not used for paddy cultivation or if it is not an allied construction of the paddy land cannot be described as paddy land or Wetland" എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാലും, പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ, നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ള മതിലകം ഗ്രാമപഞ്ചായത്തിൽ കുളിമുട്ടം വില്ലേജിൽ സർവ്വേ നമ്പർ 148/1 ൽ ഉൾപ്പെട്ട ഭൂമി (259.92 ആർസ്), ടി ഡാറ്റാ ബാങ്കിൽ നിന്നും അടിയന്തിരമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, KSREC വാലിഡേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഡാറ്റാബാങ്ക് പുന:പരിശോധിക്കുന്നതിനു ഇരിങ്ങാലക്കുട ആർ.ഡി.ഒ, മതിലകം കൃഷി ഓഫീസർ എന്നിവർക്ക് നിർദേശം നൽകിയും, മേൽനടപടികളുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ പരാമർശം (1) നടപടിക്രമം പുന:പരിശോധിക്കുന്നതിന് നിർദേശം നൽകിയും, അപ്രകാരം പരാമർശം (2) റിവിഷൻ ഹർജിയും, പരാമർശം (4) പരാതിയും തീർപ്പാക്കിയും, ബഹു.ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANJALY V S

ഡെപ്യൂട്ടി സെക്രട്ടറി

(1) അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
(2) ശ്രീ.മുഹമ്മദ് സഗീർ, പൂന്നിലത്ത് ഹൗസ്, കുളിമുട്ടം പി.ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ-680691
(3) ശ്രീ.ഇല്ല്യാസ്.ഇ.എം, എള്ളുപറമ്പിൽ ഹൗസ്, കുളിമുട്ടം പി.ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ-680691
(4) ജില്ലാ കളക്ടർ, തൃശ്ശൂർ.
(5) റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട, തൃശ്ശൂർ.
(6) കൃഷി ഓഫീസർ, മതിലകം, തൃശ്ശൂർ.
(7) വില്ലേജ് ഓഫീസർ, കുളിമുട്ടം, തൃശ്ശൂർ.
(8) തഹസിൽദാർ (ഭൂരേഖ), കൊടുങ്ങല്ലൂർ, തൃശ്ശൂർ.
(9) വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്.)
(10) കരുതൽ ഫയൽ /ഓഫീസ് കോപ്പി (ഫയൽ നം.NCA2/262/2024-AGRI)

ഉത്തരവിൻ പ്രകാരം

Signed by

Archana B P

Date: 04-06-2025 13:28:28

സെക്ഷൻ ഓഫീസർ